# ആപ്പെ ഇ-സിറ്റി തിരുവനന്തപുരത്തും, കോഴിക്കോടും വിൽപ്പനയ്ക്കെത്തിച്ച് പിയാജിയോ

By Jikku Joseph
Published: Friday, October 23, 2020, 14:40 [IST]

പോയ വർഷമാണ് വാണിജ്യ വാഹന നിരയിലേക്ക് തങ്ങളുടെ ആദ്യ ഇലക്ട്രിക് ത്രീ വീലറിനെ പിയാജിയോ അവതരിപ്പിച്ചത്. ആപ്പെ ഇ-സിറ്റി എന്ന് പേരിട്ടിരിക്കുന്ന മോഡലിന് വിപണിയിൽ 1.97 ലക്ഷം രൂപയാണ് എക്സ്ഷോറൂം വില.




ഇപ്പോഴിതാ ആപ്പെ ഇ-സിറ്റിയെ കേരളത്തിലും വിൽപ്പനയ്ക്ക് എത്തിച്ചിരിക്കുകയാണ് നിർമ്മാതാക്കൾ. തുടക്കത്തിൽ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ മാത്രമാകും മോഡൽ വിൽപ്പനയ്ക്ക് എത്തുക.



സ്വാപ്പ് ചെയ്യാവുന്ന (ഊരിമാറ്റാൻ സാധിക്കുന്ന) ബാറ്ററി സാങ്കേതികവിദ്യയുമായി ഇന്ത്യയിലെത്തുന്ന ആദ്യത്തെ ഇ-ഓട്ടോയാണ് പിയാജിയോ ആപ്പെ ഇ-സിറ്റി. കേരളത്തിൽ ഇത് 1.99 ലക്ഷം രൂപ എക്സ്ഷോറൂം വിലയ്ക്ക് ലഭ്യമാണ്.

**MOST READ: വിടപറയാൻ ഒരുങ്ങി എക്സെന്റ്; വെബ്സൈറ്റിൽ നിന്നും പിൻവലിച്ച് ഹ്യുണ്ടായി**




ഏറ്റവും പുതിയ വികസനത്തെക്കുറിച്ച് പിയാജിയോ വെഹിക്കിൾസ് സീനിയർ വൈസ് പ്രസിഡന്റ് മാലിന്ദ് കപൂർ പറഞ്ഞയുന്നതിങ്ങനെ; ''തിരുവനന്തപുരം, കോഴിക്കോട് മാർക്കറ്റ് എന്നിവയ്ക്കായി ഡീപ് ഇ-സിറ്റി ആരംഭിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.



ഇലക്ട്രിക് ഓട്ടോകൾക്ക് ആവശ്യക്കാർ വർദ്ധിച്ചുവരികയാണ്. യാത്രക്കാർക്കും വിനോദസഞ്ചാരികൾക്കും മികച്ച അനുഭവം നൽകാനും ഓട്ടോ ഡ്രൈവർമാരുടെ വരുമാനം വർദ്ധിപ്പിക്കാനും ഇലക്ട്രിക് ഓട്ടോകൾക്ക് കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

**MOST READ: അടിമുടി മാറ്റങ്ങളുമായി ഹ്യുണ്ടായി ട്യൂസോൺ; ആദ്യ ഡ്രൈവ് റിവ്യൂ**



തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ ഇ-സിറ്റി കൂടുതൽ വർദ്ധിപ്പിക്കുമെന്ന് ഞങ്ങൾ കരുതുന്നു. ഈ സമാരംഭത്തോടെ ഞങ്ങളുടെ ബ്രാൻഡ് സാന്നിധ്യം നിലനിർത്താനും ശക്തിപ്പെടുത്താനും സാധിക്കുമെന്നും മാലിന്ദ് കപൂർ പറഞ്ഞു.




തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ മാത്രമല്ല കേരളത്തിലുടനീളം അധികം വൈകാതെ ആപ്പെ ഇ-സിറ്റി വിൽപ്പനയ്ക്കെത്തിക്കുമെന്നും കമ്പനി അറിയിച്ചു. നിലവിലുള്ള ആപ്പെ മോഡലുകൾക്ക് സമാനമായി പാസഞ്ചർ, ചരക്ക് വാഹന നിരയിലേക്ക് തന്നെയാകും ഇലക്ട്രിക് ഓട്ടോയും പുറത്തിറങ്ങിയിരിക്കുന്നത്.

**MOST READ: മാഗ്നൈറ്റിന്റെ കൂടുതൽ ഫീച്ചറുകൾ വെളിപ്പെടുത്തി നിസാൻ; വീഡിയോ**




4.7kWh ലിഥിയം അയൺ ബാറ്ററിയാണ് വാഹനത്തിന്റെ കരുത്ത്. ഒറ്റ ചാർജിൽ ഏകദേശം 70-80 കിലോമീറ്റർ വരെ മൈലേജ് ലഭിക്കുമെന്നാണ് കമ്പനി അവകാശപ്പെടുന്നത്. ആവശ്യാനുസരണം മാറ്റിസ്ഥാപിക്കാവുന്ന ബാറ്ററി ടെക്നോളജിയിൽ ഇന്ത്യയിൽ എത്തുന്ന ആദ്യം ഇലക്ട്രിക് ഓട്ടോ കൂടിയാണ് പിയാജിയോ ആപ്പെ ഇലക്ട്രിക്.




ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ വാഹനത്തിന് ലഭിക്കും. ശ്രേണിയിൽ ഇത് ആദ്യമാണെന്നും കമ്പനി അവകാശപ്പെടുന്നു. ബാറ്ററി ചാർജ്, ഡ്രൈവ് മോഡുകൾ, സർവ്വീസ് അലേർട്ട്, തുടങ്ങിയ വിവരങ്ങളെല്ലാം ഇതിൽ നിന്നു ലഭിക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു.

**MOST READ: CR-V സ്പെഷ്യൽ എഡിഷൻ ഇന്ത്യയിലെത്തിക്കാൻ ഹോണ്ട; വില 29.50 ലക്ഷം രൂപ**



ഈ മാറ്റങ്ങൾ ഒഴിച്ചു നിർത്തിയാൽ മറ്റു മാറ്റങ്ങൾ ഒന്നും തന്നെ കമ്പനി വരുത്തിയിട്ടില്ല. ചാർജ് ചെയ്യാൻ ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായി ബാറ്ററി സ്റ്റേഷനുകൾ രാജ്യത്തെ വിവിധ ഇടങ്ങളിൽ പിയാജിയോ ആരംഭിക്കും.



ബാറ്ററി മാറ്റി സ്ഥാപിക്കുന്നതിനായി സൺ മൊബിലിറ്റിയുമായി സഹകരിച്ച് മൊബൈൽ ആപ്പ് പുറത്തിറക്കുമെന്നും നേരത്തെ അറിയിച്ചിരുന്നു. ആപ്ലിക്കേഷൻ എത്തുന്നതോടെ ഉപഭോക്താക്കൾക്ക് ബാറ്ററി ചാർജ്, റീചാർജ്, ബാറ്ററി മാറ്റി സ്ഥാപിക്കുന്ന സ്ഥലം, എന്നിങ്ങനെയുള്ള വിവരങ്ങൾ ലഭിക്കുകയും ചെയ്യും.

Story first published: Friday, October 23, 2020, 14:40 [IST]

Other articles published on Oct 23, 2020